നിരവധി സംഘടനകളുടെ, ഉത്തരവാദപ്പെട്ട ആളുകൾ അവരുടെ ആവലാതികളെ സംബന്ധിച്ച് നിവേദനങ്ങൾ നൽകുകയും അത് സർക്കാരിലേയ്ക്ക് കൊടുക്കുകയും ചെയ്താൽ അതിന് യാതൊരു നടപടിയുമില്ല എന്നുള്ള അവസ്ഥയാണുള്ളത്. അതിന് അടിയന്തിരമായ പരിഹാരമുണ്ടാക്കുന്നതിന് അങ്ങ് കർശനമായ നിർദ്ദേശം നൽകണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്..... (ബഹളം).....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ജനപ്രതിനിധികൾ മന്ത്രിമാർക്കും വകുപ്പു തലവന്മാർക്കും നൽകുന്ന നിവേദനങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച് 2002 സെപ്റ്റംബർ 9-ാം തീയതിയിലെ 14834/ഉ.ഭ.സി.3/02 നമ്പരായും 18.10.05-ലെ 1500/എ/05/ജി.എ.ഡി നമ്പരായും 02.01.06-ലെ 1552/എ/05/പി.എ.ഡി നമ്പരായുമുള്ള സർക്കുലറുകൾ മുഖേന ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ ഓരോ മാസവും കൂടുന്ന സെക്രട്ടറിമാരുടെ അവലോകനയോഗത്തിൽ പ്രസ്തുത വിഷയംകൂടി അവലോകനം ചെയ്യാൻ നിർദ്ദേശം നൽകുന്നതാണ്.

VIII റൂളിംഗ്

മി. സ്പീക്കർ: ശ്രീ. സാജുപോൾ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവതരമാണ്. ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. എന്റെ മുൻഗാമിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരിക്കുമ്പോൾ മന്ത്രിമാർക്ക് എം.എൽ.എ.-മാർ നൽകുന്ന നിവേദനങ്ങളിന്മേൽ മന്ത്രിമാർ തന്നെ ഒപ്പിട്ട് മറുപടി കൊടുക്കണമെന്ന് റൂളിംഗ് നൽകിയതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ആ റൂളിംഗിൽ ഞാനും ഉറച്ചുനിൽക്കുന്നു. ഉദ്യോഗസ്ഥർക്ക് ഇതിനെ സംബന്ധിച്ച് വളരെ ഗൗരവതരമായി വേണ്ട നിർദ്ദേശം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: വളരെ പ്രധാനപ്പെട്ട ഒരു വിഷയം സഭയുടെ ശ്രദ്ധയിലും അങ്ങയുടെ ശ്രദ്ധയിലും പെടുത്തുകയാണ്. ഇന്ന് സഭ പിരിയുകയാണ്. ഇതിനുമുൻപും ഈ വിഷയം സഭയിൽ ഞാൻ ഉന്നയിച്ചതാണ്. വെള്ളിയാഴ്ച കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത്പവാർ രാജ്യസഭയിൽ നൽകിയ ഉത്തരത്തിൽ മറ്റ് സ്റ്റേറ്റുകളുടെ കാര്യം പറഞ്ഞ കൂട്ടത്തിൽ കേരളത്തിൽ നിന്ന് കൃത്യമായ കണക്കുകൾ ആവശ്യപ്പെടുമ്പോൾ നൽകുന്നില്ല എന്നും കണക്കുകൾ അപൂർണ്ണമാണെന്നും വസ്തുതകൾ അറിയിക്കില്ലെന്നും അദ്ദേഹം ആവർത്തിച്ച് പറഞ്ഞു. വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും ആവശ്യപ്പെട്ടിട്ടും കിട്ടിയിട്ടില്ല എന്നുപറഞ്ഞു. കണക്ക് രണ്ട് പ്രാവശ്യം കൊടുത്തിട്ടുണ്ട്. ആദ്യം 40 കൃഷിക്കാർ ആത്മഹത്യ ചെയ്ത കണക്ക് കൊടുത്തു. ഏറ്റവും അവസാനം കൊടുത്ത കണക്ക് ഉൾപ്പെടെ കേരളത്തിൽ 90 കൃഷിക്കാർ ആത്മഹത്യ ചെയ്തു എന്നാണ് കേരളത്തിൽ നിന്നും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത്. ഞങ്ങൾ 1500 പേർ മരണപ്പെട്ടതിന്റെ കണക്ക് പറഞ്ഞു. ശ്രീ. ബിനോയ് വിശ്വം, ശ്രീ. എ. കെ. ബാലൻ, ശ്രീ. ടി. കെ. ദേവകുമാർ എന്നിവരുടെ ചോദ്യത്തിന് നൽകിയ മറുപടിയിൽ 234 കൃഷിക്കാർ ആത്മഹത്യ ചെയ്തു എന്നാണ് രേഖാമൂലം ഉത്തരം നൽകിയത്. പാർലമെന്റിൽ ഉത്തരങ്ങൾ കൊടുക്കാൻ വേണ്ടി റിപ്പോർട്ടുകൾ ചോദിച്ചാൽ വളരെ തെറ്റായ രീതിയിലുള്ള റിപ്പോർട്ടാണ് കൊടുക്കുന്നത്. ഇത് ആവർത്തിച്ച് കൃഷിവകുപ്പിൽ നിന്നും സംഭവിക്കുകയാണ്. ഇതിന്റെ ഫലമായി കേരളത്തിലെ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് കിട്ടേണ്ട കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെടുകയാണ്. ആവർത്തിച്ച് പറഞ്ഞിട്ടും കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നില്ല എന്ന ഗുരുതരമായ വീഴ്ച ആവർത്തിച്ച് വരുത്തുകയാണ്. ഇതുസംബന്ധിച്ച് വ്യക്തമായ മറുപടി നൽകണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): ആത്മഹത്യയുടെ കണക്കുകൾ സംബന്ധിച്ച് രണ്ടു കൊല്ലത്തിനു മുമ്പ് ഞാൻ കൊടുത്ത മറുപടി വിവരം ശേഖരിച്ചു വരുന്നു, ശേഖരിച്ചു കൊടുക്കാമെന്നാണ്. വിവരം കയ്യിലില്ലാത്തതുകൊണ്ടാണ് കൊടുക്കാത്തത്. കളളക്കണക്ക് കൊടുക്കാൻ സാധിക്കില്ല. 2004-ൽ കൊടുത്ത മറുപടിയിൽ, 2004 വരെ 218 മരണങ്ങൾ സംഭവിച്ചു എന്ന് അറിയിച്ചിട്ടുണ്ട്. 2005 വരെ 234 മരണം സംഭവിച്ചു എന്ന് നിയമസഭയിൽ അറിയിച്ചിട്ടുണ്ട്. 2006 ജനുവരി വരെ 21 മരണം കൂടി സംഭവിച്ചിട്ടുണ്ട്. ഇതൊന്നും ഒളിച്ചുവച്ചിട്ട് കാര്യമില്ല. ഇല്ലാത്ത 1500-ന്റെ കണക്ക് അയച്ചാൽ എന്ത് കിട്ടാനാണ്? ഇതുവരെ മരിച്ചവരുടെ കുടുംബത്തിന് ഒരു കാശും കിട്ടിയിട്ടില്ല. 218 പേരുടെ കണക്ക് അയച്ചപ്പോൾ കേന്ദ്രത്തിൽ 50,000 രൂപ ആവശ്യപ്പെട്ടതു കൂടാതെ കർഷകർ എടുത്ത 50,000 രൂപ വരെയുളള കടം എഴുതിത്തളളണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ ഒന്നും കിട്ടിയിട്ടില്ല. കിട്ടാതെ എന്ത് പറയാനാണ്? ഏത് വിധത്തിലും പരിഹാരമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ജില്ലാ കളക്ടർമാർ തന്ന കണക്കാണിത് .....(ബഹളം).....

മി. സ്പീക്കർ: നിങ്ങൾക്ക് കാര്യമറിയുന്നതാണോ ബഹളം കൂട്ടുന്നതാണോ ആവശ്യം? Please take your seat. One at a time. ഒരാൾ ചോദിക്കു, മറുപടി പറയട്ടെ. .....(ബഹളം).....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി ശരത് പവാറിന്റെ പാർലമെന്റിലെ പ്രസ്താവനയ്ക്ക്

യഥാർത്ഥത്തിലുള്ള വസ്തുതകൾ പറയാതിരുന്നതിന്റെ ഫലമായി 1500 ഓളം കൃഷിക്കാർക്ക് കേന്ദ്ര ഗവൺമെന്റ് ഓരോ ലക്ഷം രൂപ വീതം പ്രഖ്യാപിച്ചത് നഷ്ടപ്പെടുത്തിയിരിക്കുകയാണ്. മാത്രമല്ല, അതുവഴി കേരളം ആ പാവപ്പെട്ട, ആത്മഹത്യ ചെയ്ത കൃഷിക്കാരോട് തെല്ലും കൂറില്ലാത്തവരാണെന്നു ഇന്ത്യയാകെ കുപ്രസിദ്ധി നേടുകയും ചെയ്തിരിക്കുന്നു. അതിൽ നിങ്ങൾക്ക് ലജ്ജയില്ലെങ്കിൽ ഞങ്ങൾക്കെങ്കിലും ലജ്ജയുണ്ടെന്നു കരുതുക.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ.ഗൗരിയമ്മ): സർ, ഈ സർക്കാർ കള്ളക്കണക്കുകൾ പറഞ്ഞ് കാശ് വാങ്ങുന്ന സർക്കാരല്ല. മരിച്ചു പോയെന്നു കള്ളക്കണക്ക് പറഞ്ഞ് കാശ് വാങ്ങുന്ന സർക്കാരല്ല. ഉള്ള കണക്കുകൾ പറഞ്ഞിട്ടുണ്ട് .....(ബഹളം).....

IX ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വിഷൻ 2010-നെ സംബന്ധിച്ച പ്രസ്താവന

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ.എ.സുജനപാൽ) : സർ, 2006 മുതൽ 2010 വരെയുള്ള 5 വർഷ കാലയളവിനിടയിൽ സംസ്ഥാനം കൈവരിക്കാൻ ലക്ഷ്യമാക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "വിഷൻ - 2010" ന്റെ കരട് ഇവിടെ അവതരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ വിഷനിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങളും പ്രോഗാം ഇംപ്ലിമെന്റേഷൻ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ രേഖകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാവർക്കും സാമ്പത്തിക ഭദ്രത, തുല്യപദവി, തുല്യ അവസരങ്ങൾ, സാമൂഹ്യ നീതി, സാമൂഹ്യ സമത്വം, വ്യക്തി സ്വാതന്ത്ര്യം, സാമൂദായിക ഐക്യവും സമാധാനവും, ഉയർന്ന ജീവിത നിലവാരം, സുതാര്യ പൊതുഭരണം എന്നിവ കൈവരിക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. പദ്ധതിയുടെ കരട് പകർപ്പ് സമർപ്പിക്കുന്നു.

X മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ

I. ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മുഖ്യമന്ത്രിക്കുവേണ്ടി മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി. ഒ. (ആർടി.) നമ്പർ 3023/05/ഹോം. തീയതി 2-12-2005 (എസ്. ആർ. ഒ. നം. 1084/05)

2. ജി. ഒ. (ആർടി.) നമ്പർ 3010/05/ഹോം. തീയതി 2-12-2005 (എസ്. ആർ. ഒ. നം. 1118/05)

LIBRARY ARCHIVES Kerala Legislative Assembly